"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പി.എം.ജി.എസ്.വൈ -കെ.എസ്.ആർ.ആർ.ഡി.എ യിലെ ഫിനാൻഷ്യൽ കൺട്രോളർ തസ്തികയുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1003/2026/LSGD തീയതി,തിരുവനന്തപുരം, 13-05-2026

---

പരാമർശം:-
1. കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എഞ്ചിനീയറുടെ 21.02.2025, 03.06.2025 തീയതികളിലെ 455/KSRRDA/2023-A നമ്പർ കത്ത്.
2. സ.ഉ (പി) നം. 54/2025/Fin തീയതി 19.04.2025
3. സ.ഉ (സാധാ) നം. 3072/2025/എൽ.എസ്.ജി.ഡി തീയതി 26.12.2025
4. കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എഞ്ചിനീയറുടെ 31.12.2025 ലെ KSRRDA/65/2025-C നമ്പർ കത്ത്.

**ഉത്തരവ്**

പി.എം.ജി.എസ്.വൈ. പദ്ധതിയുടെ ആസ്ഥാനമായും വിവിധ പി.ഐ.യുകളുടെ ഹെഡ് ഓഫീസായും പ്രവർത്തിക്കുന്ന കെ.എസ്.ആർ.ആർ.ഡി.എ. യിലെ അക്കൗണ്ട്സ് ഓഫീസർ, ഫിനാൻഷ്യൽ കൺട്രോളർ, അക്രെഡിറ്റഡ് ഓവർസീയർ തസ്തികകളുടെ ജോലിഭാരം വർധിച്ചിട്ടുള്ളത് കണക്കിലെടുത്ത് പ്രസ്തുത തസ്തികകളിലെ ശമ്പള വർധന, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 21.1.2025 ൽ കൂടിയ എക്സിക്യൂട്ടീവ് കമ്മറ്റി, അജണ്ട III (7) ആയി പരിഗണിക്കുകയും ശമ്പള പരിഷ്കരണം തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിരുന്നു. എക്സിക്യൂട്ടീവ് കമ്മറ്റി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട്സ് ഓഫീസർ, ഫിനാൻഷ്യൽ കൺട്രോളർ, അക്രെഡിറ്റഡ് ഓവർസീയർ തസ്തികകളുടെ പ്രതിമാസ വേതനം വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എൻജിനീയർ പരാമർശം (1) പ്രകാരം അഭ്യർത്ഥിക്കുകയും വേതന വർദ്ധനവ് അനുവദിക്കുന്നതിനുള്ള ഫണ്ട് അഡീഷണൽ സ്റ്റേറ്റ് ഷെയറിന്റെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസിൽ നിന്നും കണ്ടെത്താവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെഎസ്.ആർ.ആർഡി.എ യിൽ അക്കൗണ്ട്സ് ഓഫീസറെ നിയമിച്ച നടപടിക്ക് സാധുകരണം നൽകണമെന്ന

ആവശ്യം സർക്കാർ നിലവിൽ അംഗീകരിച്ചിട്ടില്ല. മാത്രമല്ല പരാമർശം (3) ഉത്തരവ് പ്രകാരം ഓവർസീയർമാരുടെ വേതനം ഇതിനോടകം തന്നെ പുതുക്കി നിശ്ചയിച്ച് നൽകിയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ തസ്തികയുടെ യോഗ്യത, ജോലി സ്വഭാവം എന്നിവ കണക്കിലെടുത്ത് കെ.എസ്.ആർ.ആർ.ഡി.എ യിലെ ഫിനാൻഷ്യൽ കൺട്രോളർ തസ്തികയ്ക്ക് പരാമർശം (2) ഉത്തരവിലെ കാറ്റഗറി XI ന്റെ (46,230/- രൂപ) വേതനം പി.എം.ജി.എസ്.വൈയുടെ കേന്ദ്രസംസ്ഥാന വിഹിതത്തിലെ അഡ്മിനിസ്ട്രേറ്റിവ് ഘടകത്തിൽ നിന്നും ഫണ്ട് കണ്ടെത്തേണ്ടതാണെന്ന വ്യവസ്ഥയിൽ, അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

മെമ്പർ സെക്രട്ടറി,കെ.എസ്.ആർ.ആർ.ഡി.എ,തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ,കെ.എസ്.ആർ.ആർ.ഡി.എ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (06.04.2026 ലെ e-3141084/ഡെവ-1/92/2025-ധന പ്രകാരം)
വെബ് ആൻഡ് ന്യൂ മീഡിയ, ഐ ആൻഡ് പി.ആർ.ഡി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 14-05-2026 11:12:14
സെക്ഷൻ ഓഫീസർ